LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ വകുപ്പിലെ കടിശ്ശിക

96 (803) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആരോഗ്യ വകുപ്പിൽ ഉപകരണങ്ങളും മരുന്നുകളും വാങ്ങിയ ഇനത്തിൽ കൊടുത്തുതീർക്കാൻ കടിശ്ശികയായിട്ടുള്ള സർക്കാരിന്റെ ബാദ്ധ്യത ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം എത്രയാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

ആരോഗ്യ വകുപ്പിൽ ഉപകരണങ്ങളും മരുന്നുകളും വാങ്ങിയ ഇനത്തിൽ കൊടുത്തുതീർക്കാൻ കടിശ്ശികയായിട്ടുള്ള സർക്കാരിന്റെ ബാദ്ധ്യത ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം 17,57,497 രൂപയാണ്.

ഡോക്ടർമാരുടെയും മറ്റ് പാരാമെഡിക്കൽ സ്റ്റാഫ്, നഴ്സുമാർ എന്നിവരുടെയും ഒഴിവുകൾ

97 (804) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രി, താലൂക്ക് ആശുപത്രി, പി.എച്ച്.സി., സി.എച്ച്.സി. എന്നിവിടങ്ങളിലുമായി ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫ്, നഴ്സുമാർ എന്നിവരുടെയും എത്ര ഒഴിവുകൾ വീതമാണ് നിലവിലുള്ളത്, വിശദവിവരം നൽകുമോ ?

ഉത്തരം

ആരോഗ്യ വകുപ്പിൻ കീഴിലുള്ള ജില്ലാ ആശുപത്രി, താലൂക്കാശുപത്രി, പി.എച്ച്.സി., സി.എച്ച്.സി. എന്നിവിടങ്ങളിലെ ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫുകളുടെയും നഴ്സുമാരുടെയും ഒഴിവുകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

അസിസ്റ്റന്റ് സർജൻ	219
സിവിൽ സർജൻ	51
ജൂനിയർ കൺസൾട്ടന്റ്	160
കൺസൾട്ടന്റ്	116
സീനിയർ കൺസൾട്ടന്റ്	27